# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 508 | 28.02.2017 - ൽ മറുപടിയ്ക്ക് |
|---|---|

## പെട്രോൾ, ഡീസൽ വില വർദ്ധന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ടി. തോമസ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം പെട്രോൾ, ഡീസൽ വിലയിൽ എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്; | (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം പെട്രോളിന് ലിറ്ററിന് 8.39 രൂപയുടെയും ഡീസലിന് ലിറ്ററിന് 7.39 രൂപയുടെയും വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് . |
| (ബി) | ഈ വില വർദ്ധന മൂലം സംസ്ഥാനത്തിന് അധിക വിൽപന നികുതിയിനത്തിൽ എന്ത് തുക ഇതുവരെ ലഭിച്ചു; ഓരോ പ്രാവശ്യവും വർദ്ധനവ് വരുത്തിയപ്പോൾ സംസ്ഥാനത്തിന് ലഭിച്ച അധിക നികുതി എത്രയായിരുന്നു; | (ബി) | ഈ വില വർദ്ധന മൂലം സംസ്ഥാനത്തിന് പെട്രോളിൽ നിന്നും 60.20 കോടി രൂപയും ഡീസലിന് 167.52 കോടി രൂപയും ലഭിച്ചു. |
| (സി) | മുൻ ഗവൺമെന്റിന്റെ കാലത്ത് ഇപ്രകാരം ലഭിച്ച അധിക വിൽപന നികുതി ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം സർക്കാരിന് എത്ര കോടി രൂപയുടെ നികുതി നഷ്ടമുണ്ടായി എന്ന് വെളിപ്പെടുത്താമോ ; | (സി) | മുൻ ഗവണ്മെന്റിന്റെ കാലത്ത് ഇപ്രകാരം ലഭിച്ച അധിക വില്പന നികുതി ഉപേക്ഷിച്ചിട്ടുണ്ട് . ഇതുമൂലം സർക്കാരിന് 619.17 കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. |
| (ഡി) | വിലവർദ്ധനവിന്റെ ഭാരം കുറയ്ക്കുവാൻ മുൻ സർക്കാർ അധിക നികുതി വേണ്ടെന്ന് വെച്ച നടപടി ഈ സർക്കാരും പിൻതുടരുമോ? | (ഡി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ